**A** **702**

# അർദ്ധവാർഷിക മൂല്യനിർണയം 2017-18

## മലയാളം

ക്ലാസ്-7 | കേരളപാഠാവലി | സമയം -2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യ നിർണയത്തിന്റെ ആദ്യത്തെ 15 മിനിട്ട് ചോദ്യങ്ങൾ വായിച്ചുമനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
2. ആകെ 6 ചോദ്യങ്ങളാണ് ഉള്ളത്. ഇതിൽ നന്നായി അറിയാവുന്ന 5 എണ്ണത്തിന് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങൾ ഉണ്ടെങ്കിൽ ചോദ്യനമ്പരിനോടൊപ്പം (എ), (ബി) എന്നിങ്ങനെ എഴുതണം.

---

**പ്രവർത്തനം 1 : ആസ്വാദനക്കുറിപ്പ്**

'ഞാറ്റുവേലപ്പൂക്കൾ' എന്ന കവിതയിലെ ആശയത്തോട് സാമ്യമുള്ള രചനയാണ് ശ്രീ. പി. ഭാസ്കരന്റെ 'മഴമുകിൽ പെൺകൊടി.' മഴയാണ് ഇരു കവിതയിലെയും പ്രമേയം. താഴെ കൊടുത്ത വരികളും സൂചനകളും വായിച്ച് മഴമുകിൽ പെൺകൊടി എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയാറാക്കുക. കവിതയിലെ ആശയം, പ്രയോഗഭംഗി, മറ്റു സവിശേഷതകൾ ഇവ പരിഗണിക്കുമല്ലോ.

**മഴമുകിൽപെൺകൊടി**

*' ഒരു കുടം തണ്ണീരുമൊക്കത്തുവച്ചോരാ-*
*കരിമുകിൽപ്പെൺകൊടിയെങ്ങുപോയി?*
*വയലിന്റെ തൊണ്ട വരണ്ടുകിടക്കുമ്പോ-*
*ളുയിരറ്റു തോപ്പുകൾ നിന്നിടുമ്പോൾ,*
*അണയാത്തതെന്തവൾ വാനിന്റെ താഴ്‌വാര-*
*ത്തണലിൽ പതിവുപോൽ വെള്ളവുമായ്. '*

**പ്രവർത്തനം 2 : ഉപന്യാസം**

"എനിക്ക് ഒരു സ്വപ്നമുണ്ട്, അലബാമ സംസ്ഥാനത്തിലെ കറുത്തവർഗക്കാരും വെളുത്ത വർഗക്കാരുമായ കൊച്ചുപെൺകുട്ടികളും ആൺകുട്ടികളും സഹോദരീസഹോദരന്മാരായി കൈകോർത്തു നടക്കുന്ന നാൾ വരുമെന്ന് " - മാർട്ടിൻ ലൂഥർ കിങ്. ലോകത്ത് ഇതുപോലെ മറ്റുപലതരം വിവേചനങ്ങളും വേർതിരിവുകളും നിലനിൽക്കുന്നില്ലേ? ഈയൊരു ആശയം മുൻനിർത്തി വേർതിരിവില്ലാത്ത സമൂഹം എന്ന വിഷയത്തെക്കുറിച്ച് ലഘു ഉപന്യാസം തയാറാക്കുക.

**പ്രവർത്തനം 3 : അഭിമുഖ ചോദ്യാവലി**

'റൈൻ നദിയിലെ ഓളങ്ങൾ' എന്ന പാഠഭാഗത്ത് ജീൻ ക്രിസ്റ്റഫിനെ നാം പരിചയപ്പെട്ടു. രോഗം കൊണ്ടും കഷ്ടപ്പാടു കൊണ്ടും വിരസമായ ബാല്യം. ഒടുവിൽ രാജകുടുംബത്താൽ അഭിനന്ദിക്കപ്പെടുന്ന ഒരു സംഗീതജ്ഞനായി അവൻ മാറി. കഷ്ടപ്പാടുകൾക്കൊടുവിൽ വിജയതീരമണഞ്ഞ ജീൻ ക്രിസ്റ്റഫ് നമുക്ക് ഒരു പ്രചോദനമാണ്. ക്രിസ്റ്റഫിൽനിന്നും ഒട്ടേറെ കാര്യങ്ങൾ നമുക്ക് പഠിക്കാനുണ്ട്. ജീൻ ക്രിസ്റ്റഫുമായി അഭിമുഖസംഭാഷണം നടത്താനുള്ള ചോദ്യാവലി തയാറാക്കൂ.

## പ്രവർത്തനം 4 : വിശകലനക്കുറിപ്പ്

എ. കവിത വായിച്ച് ആശയം വിശകലനം ചെയ്ത് ആശയങ്ങളുടെ പ്രസക്തി സ്വന്തം കാഴ്ചപ്പാടു കൂട്ടിച്ചേർത്ത് എഴുതുക. കവിതയുടെ സാമൂഹ്യപ്രസക്തി കൂടി പരിഗണിക്കുമല്ലോ.

*കിഴക്കേ ഞാറ്റടി തന്നിൽ വിളഞ്ഞ നെല്ല്*
*പനിക്കൂർക്കച്ചെടി തന്നിലൊളിച്ചതത്*
*ഇടം വലം തലയാട്ടും തളിർത്തെങ്ങോല-*
*ത്തുമ്പത്തിളകുന്ന കാറ്റിലാടും പനന്തത്തയും*
*ഇവയെന്റെയിളം പ്രായം നിറച്ചുവർണം*
*ഇലപ്പച്ച ചെളി മായ്ച്ച കരിസ്ലേറ്റിൻമേൽ...*
*തെളിവാനം കരഞ്ഞില്ല; വയൽപാത്രത്തിൻ*
*വരമ്പി,ടയിലൂടതു ചാലായൊഴുകിയില്ല*
*ഇടയ്ക്കു വന്നെത്തിയൊരാക്കരത്തീക്കാറ്റിൻ*
*ഇരുണ്ട പല്ലമർത്തിയ കരിമൂർഖന്റെ*
*കൊടുംവിഷം കരിച്ചെന്റെ നറും സ്വപ്നത്തിൻ*
*കറുകപ്പുൽത്തളിരിന്റെയിളം നാമ്പിനെ...*

**(കൃഷ്ണൻകുട്ടി മടവൂർ)**

| |
|---|
| പനിക്കൂർക്ക - ഞവരച്ചെടി |
| ഞാറ്റടി - ഞാറ് വളർത്തുന്ന നിലം |

ബി. 'മഴ പെയ്തില്ല ' എന്ന് സൂചിപ്പിക്കുന്ന വരി ഏത്?

## പ്രവർത്തനം 5 : കഥാപാത്ര നിരൂപണം

ലൂഷ്യ ഒരു ദുഃഖപുത്രിയാണ്. എന്തെല്ലാം വേദനകളാണവൾ സഹിച്ചത് ? ഏകാന്ത രാത്രികളിൽ തളർന്നുറങ്ങുന്ന മകനെ കെട്ടിപ്പിടിച്ച് തേങ്ങിക്കരയും. തന്റെ ജീവിതത്തെക്കുറിച്ച് ലൂഷ്യയുടെ സങ്കടങ്ങൾ എന്താകാം ? ജീൻ ക്രിസ്റ്റഫിന്റെ ഉയർച്ചയിലോ .. ? ലൂഷ്യ എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ, മറ്റു കഥാപാത്രങ്ങളോടുള്ള ബന്ധം ഇവ വ്യക്തമാക്കിക്കൊണ്ട് കഥാപാത്രനിരൂപണം തയാറാക്കുക.

## പ്രവർത്തനം 6 : പത്രവാർത്ത

പ്രമുഖ സാഹിത്യകാരനായ ശ്രീ. ബെന്യാമിനുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണം വായിക്കുക. വായിച്ചശേഷം ലഭിച്ച ആശയങ്ങൾ ചേർത്ത് ഉചിതമായ തലക്കെട്ടും നൽകി പത്രവാർത്ത തയാറാക്കുക. അനുയോജ്യമായ ഭാഷയിൽ ഖണ്ഡികകളായി എഴുതുമല്ലോ ..

ചോദ്യം : ആടുജീവിതം എന്ന നോവൽ വന്നതിനു ശേഷം അഭിമുഖങ്ങൾ കൂടിയതുകൊണ്ട് മടുപ്പു തോന്നിയിട്ടുണ്ടോ ?

ബെന്യാമിൻ : മടുപ്പൊന്നുമില്ല.... കഥകളിലോ നോവലുകളിലോ വരാത്ത, നമുക്കു പറയാനുള്ള ആശയങ്ങൾ പങ്കുവയ്ക്കാനുള്ള ഇടം കൂടിയാണല്ലോ അഭിമുഖങ്ങൾ

ചോദ്യം : അഭിമുഖം കൂടിയത് അഭിമാനമല്ലേ ?

ബെന്യാമിൻ : അഭിമാനമുണ്ട്, എങ്കിലും ആടു ജീവിതത്തെക്കുറിച്ചു മാത്രം ചോദിക്കുന്നതിൽ നിരാശയുമുണ്ട്. മറ്റു പുസ്തകങ്ങളെക്കുറിച്ചു കൂടി ചോദിക്കുമ്പോഴാണല്ലോ പുതിയ ഉത്തരങ്ങൾ കണ്ടെത്താൻ സാധിക്കുന്നത്.

ചോദ്യം : ആദ്യം വായിച്ച പുസ്തകമേതെന്നോർമയുണ്ടോ ?

ബെന്യാമിൻ : ചെറുപ്പകാലത്തൊക്കെ പലതും വായിച്ചിട്ടുണ്ടാവാം. കൃത്യമായി ഓർമയുള്ളത് ആനന്ദിന്റെ 'മരുഭൂമികൾ ഉണ്ടാവുന്നത് ' ആണ്. പേരിൽ കൗതുകം തോന്നി വായിക്കാനെടുത്തതാണ് അത്. ആദ്യവായനയിൽ മനസിലാകാത്തതും, വീണ്ടും വായിച്ചതും.